# കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്
## സംസ്ഥാന കാര്യാലയം, തിരുവനന്തപുരം – 33

നമ്പർ:- ***F-2089/2023/KSBSG*** തീയതി: ***20-10-2023***

സ്വീകർത്താവ്

**എല്ലാ ജില്ലാ സെക്രട്ടറിമാർക്കും**

സർ/മാഡം,

**വിഷയം:- 23-ാമത് സംസ്ഥാന കാമ്പോരി സംബന്ധമായി**

ജനസാന്ദ്രതയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ജില്ല, മലയാളഭാഷയുടെ പിതാവ് തുഞ്ചത്ത് എഴുത്തച്ഛനും ഭക്ത കവി പൂന്താനം നമ്പൂതിരിക്കും ജന്മം നൽകിയ മണ്ണ്, പറങ്കികൾക്കെതിരെ സാമൂതിരി യോടൊപ്പം ചേർന്ന് പടപൊരുതിയ കുഞ്ഞാലിമരക്കാരുടെ ഓർമ്മ നില നിൽക്കുന്ന ദേശം, ലോകത്തിലെ ഏറ്റവും വലിയ മനുഷ്യനിർമ്മിത തേക്കിൻ തോട്ടം നിലകൊള്ളുന്ന ജില്ല, ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിനെതിരെയും ജന്മിത്വത്തിനെതിരെയും പടനയിച്ച് ധീര രക്തസാക്ഷികളായ ആലി മുസ്ലിയാരുടെയും വാര്യൻ കുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയുടെയും സമരവീര്യം തുടിക്കുന്ന മണ്ണ്, പാരമ്പര്യങ്ങൾ കൊണ്ട് സമ്പന്നമായ മത സൗഹാർദ്ദത്തിനും പരസ്പര സ്നേഹത്തിനും പേരു കേട്ട മലപ്പുറം ജില്ലയിൽ വെച്ച് നടക്കുന്ന സംസ്ഥാന കാമ്പോരിയിലേക്ക് എല്ലാവർക്കും സ്വാഗതം.

യുവതീ-യുവാക്കാളുടെ എല്ലാ മേഖലകളിലുമുള്ള വികാസം ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്ന ലോകത്തിലെ യൂനിഫോമണിഞ്ഞ ഏറ്റവും വലിയ പ്രസ്ഥാനമാണ് സ്കൗട്ട്-ഗൈഡ് സംഘടന. തുറസ്സായ സ്ഥലങ്ങളിൽ ക്യാമ്പ് ചെയ്ത് ആർജിച്ച സ്കൗട്ട്-ഗൈഡ് സ്കില്ലുകൾ പ്രയോഗിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുക എന്നത് ഏറെ പ്രാധാന്യമർഹിക്കുന്നു.ഇതിനായി വിവിധ തലങ്ങളിലുള്ള കുടിച്ചേരലുകൾ ലോക്കൽ, ജില്ലാതലങ്ങളിലും, സംസ്ഥാന തലത്തിലും നടത്താറുണ്ട്. നമ്മുടെ സംസ്ഥാനത്തെ സ്കൗട്ട്-ഗൈഡുകളുടെ സംഗമമാണ് സംസ്ഥാന കാമ്പോരി എന്നറിയപ്പെടുന്നത്. 23-ാമത് കേരളാ സംസ്ഥാന കാമ്പോരിക്ക് ചരിത്രമുറങ്ങുന്ന മലപ്പുറത്തിന്റെ മണ്ണ് വേദിയാവുകയാണ്. 2023 ഡിസംബർ 27 മുതൽ 31 വരെ അഞ്ചു ദിവസങ്ങളിലായി മലപ്പുറം എം.എസ്.പി. ഗ്രൗണ്ടിൽ (കൂട്ടിലങ്ങാടി പരേഡ് ഗ്രൗണ്ട്) വെച്ച് നടക്കുന്ന പ്രസ്തുത കാമ്പോരിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമായി നാലായിരത്തിലധികം സ്കൗട്ട്-ഗൈഡ് യൂണിറ്റ് ലീഡർമാർ പങ്കെടുക്കുന്നു. സ്കൗട്ട്-ഗൈഡുകൾക്ക് ഊഷ്മള സ്വീകരണമൊരുക്കാൻ 30.09.2023 ന് മലപ്പുറം കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വെച്ച്വിപുലമായ സംഘാടക സമിതി രൂപീകരിച്ച് ചിട്ടയാർന്ന പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ജില്ലകളിൽ കണ്ടിൻജന്റ് ലീഡർമാരുടെ നേതൃത്വത്തിൽ മികച്ച തയ്യാറെടുപ്പ് നടത്തി കാമ്പോരിയിൽ മികവാർന്ന പ്രവർത്തനം കാഴ്ചവെക്കേണ്ടതാണ്. ഏവരുടെയും ആത്മാർത്ഥമായ സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്നറിയിക്കുന്നു.

**കാമ്പോരി വിശദാംശങ്ങൾ:-**

| | | |
|---|---|---|
| ***തീയ്യതി*** | : | ***2023 ഡിസംബർ 27 മുതൽ 31 വരെ*** |
| ***സ്ഥലം*** | : | ***മലപ്പുറം എം.എസ്.പി. ഗ്രൗണ്ട്(കൂട്ടിലങ്ങാടി പരേഡ് ഗ്രൗണ്ട്.)*** |
| അഡ്രസ്സ് | : | മലബാർ സ്പെഷൽ പോലീസ് പരേഡ് ഗ്രൗണ്ട്, കൂട്ടിലങ്ങാടി, മലപ്പുറം. |
| കാമ്പോരി ഓഫീസ് അഡ്രസ്സ് | : | കേരളാസ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻറ് ഗൈഡ്സ് മലപ്പുറം ഡിസ്ട്രിക്റ്റ് ഹെഡ്ക്വാർട്ടേർസ്, ഡൗൺഹിൽ, പി.ഒ., കോട്ടപ്പടി, Near ബോയ്സ് എച്ച്. എസ്. എസ്., മലപ്പുറം,email address:ksbsgmpm@gmail.com.<br>Bank Account No.:67223878281<br>State Bank of India, IFSC:SBIN0008659<br>Name: District സെക്രട്ടറി ആൻറ് ട്രഷറർ. |

**കാമ്പോരി സൈറ്റിൽ എത്താനുള്ള റൂട്ടുകൾ:** മലപ്പുറത്തിന് തെക്ക് നിന്ന് വരുന്നവർ തിരൂരിൽ ട്രെയിനിറങ്ങി മലപ്പുത്തേക്ക് ബസ്സിൽ വരേണ്ടതാണ്. മലപ്പുറത്തിന് വടക്ക് നിന്നുമുള്ളവർ കോഴിക്കോട് ട്രെയിനിറങ്ങി മലപ്പുറത്തേക്ക് ബസ്സിൽ വരേണ്ടതാണ്. ബസ്സ് മാർഗ്ഗം വരുന്നവർ മലപ്പുറം പെരുന്തൽമണ്ണ റൂട്ടിൽ കുട്ടിലങ്ങാടിയിൽ ഇറങ്ങണം. കാമ്പൂരി സൈറ്റിലേക്ക് ചെറുവാഹനങ്ങൾക്ക് മാത്രമെ പ്രവേശിക്കുവാൻ

കഴിയുകയുള്ളൂ. ആയതിനാൽ വലിയ വാഹനങ്ങളിൽ എത്തുന്നവർ ലഗ്ഗേജുകൾ ഇറക്കി സംഘാടക സമിതി ഏർപ്പാട് ചെയ്യുന്ന ചെറുവാഹനങ്ങളിൽ കയറ്റി പാർക്കിംഗ് സ്ഥലത്ത് പാർക്ക് ചെയ്യേണ്ടതാണ്. പരിമിതമായ വാഹനകൂലി കണ്ടിൻജൻറുകൾ വഹിക്കേണ്ടതാണ്.

**കാമ്പോരി തീം:** ***'Building Bonds, Breaking Chains, Drug Free Future'***

**പങ്കെടുക്കേണ്ടവർ:** ദ്വിതീയ സോപാൻ ബാഡ്ജോ അതിനു മുകളിലോ ഉള്ള ബാഡ്ജ് കരസ്ഥമാക്കിയ (ഈ വർഷത്തെ ദ്വിതീയ സോപാൻ ടെസ്റ്റിംഗ് ക്യാമ്പിൽ പങ്കെടുത്തവർക്ക് കാമ്പോരിയിൽ പങ്കെടുക്കാവുന്നതാണ്) സ്കൗട്ട്, ഗൈഡുകൾ. ഹയർ സെക്കന്ററി സ്കൗട്ട്, ഗൈഡുകളെ കാമ്പോരിയിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.

**ഒരു വിദ്യാഭ്യാസ ജില്ലയിൽ നിന്നും പങ്കെടുക്കാവുന്നവരുടെ പരമാവധി എണ്ണം:** 32 scouts + 32 Guides എസ്കോർട്ടിംഗ് യൂണിറ്റ് ലീഡേർസ്: 5 Scout + 5 Guide, ആകെ: 74

**എസ്കോർട്ടിംഗ് യൂണിറ്റ് ലീഡേഴ്സിനു നൽകേണ്ട ചുമതലകൾ:** 1 .കണ്ടിൻജന്റ് ലീഡർ (scout and guide), 2. ഡെപ്യൂട്ടി കണ്ടിൻജന്റ് ലീഡർ, 3. ക്വാർട്ടർമാസ്റ്റർ, 4. ആക്റ്റിവിറ്റി ലീഡർ, 5. കാമ്പോരി ഡ്യൂട്ടി ലീഡർ

**രജിസ്ട്രേഷൻ:** കാമ്പോരിയിൽ പങ്കെടുക്കുന്ന Scout/Guide, എസ്കോർട്ടിംഗ് യൂണിറ്റ് ലീഡേർസ് എന്നിവരുടെ പേര് 31-10-2023 ന് മുൻപ് സ്റ്റേറ്റ് നൽകുന്ന Google ഫോമിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**രജിസ്ട്രേഷൻ ഫീസ്:** ഒരാൾക്ക് 125/- രൂപ നിരക്കിൽ താഴെകൊടുക്കുന്ന ബാങ്ക് Account ൽ അടച്ച് റസീപ്റ്റ് detailes രജിസ്ട്രേഷൻ ഫോമിൽ നൽകേണ്ടതാണ്. (എസ്കോർട്ടിംഗ് യൂണിറ്റ് ലീഡേർസിന്റെ ഉൾപ്പെടെ അടക്കണം)
Account No.67223878281, IFSC:SBIN0008659, SBI
Name: District Secretary and Treasure, KSBSG, Malappuram.

**ഡേ വിസിറ്റേർസ്:** കാമ്പോരിയുടെ രണ്ടാം ദിവസം മുതൽ നാലാം ദിവസം വരെ Day visitors നെ കാമ്പോരി ഗ്രൗണ്ടിൽ പാസ്സ് മൂലം അനുവദിക്കുന്നതാണ്. Scout/Guide കളുടെ താമസസ്ഥലത്ത് ഒരു കാരണവശാലും visitors നെ അനുവദിക്കുന്നതല്ല. ഐഡന്റിറ്റി ധരിക്കാത്ത ആരും കാമ്പോരി സൈറ്റിൽ ഉണ്ടാകരുത്.

**പാചകം:** ഓരോ കണ്ടിൻജൻറും അവരവർക്ക് ആവശ്യമായ ഭക്ഷണം കിച്ചണായി അനുവദിക്കുന്ന സ്ഥലത്ത് നിന്നും പാചകം ചെയ്യേണ്ടതാണ്. ഗ്യാസ്സ്റ്റൗ, പാചകത്തിനാവശ്യമായ പാത്രങ്ങൾ ഇവ കരുതേണ്ടതാണ്. സിലണ്ടർ ആവശ്യമെങ്കിൽ എത്തിച്ചു നൽകുന്നതാണ്. സിലിണ്ടറിന്റെ വില നൽകേണ്ടി വരും. പുറമേ നിന്നുമുള്ള ഭക്ഷണം കാമ്പോരി സ്ഥലത്ത് അനുവദിക്കുന്നതല്ല.

**താമസം:** താമസം ടെൻറുകളിലായിരിക്കും. ഒരേ തരത്തിലുള്ള ടെൻറുകൾ വാടകയ്ക്ക് കിട്ടുമോ എന്ന് ശ്രമിക്കുന്നുണ്ട്. കിട്ടുകയാണെങ്കിൽ അതിന്റെ വാടക ജില്ലാ കണ്ടിൻജൻറുകൾ നൽകേണ്ടിവരും. എങ്ങിനെയായാലും മുൻകൂട്ടി അറിയിക്കുന്നതാണ്.

**വെള്ളം, പൊതുശുചിത്വം:** സ്കൗട്ട്/ഗൈഡുകൾക്ക് പ്രത്യേകം, പ്രത്യേകം ശൗചാലയങ്ങൾ ഉണ്ടായിരിക്കുന്നതാണ്. കുളിക്കാനുള്ള സൗകര്യവും ഏർപ്പെടുത്തുന്നതാണ്. കുളി, മറ്റ് ടോയ്‌ലറ്റ് ആവശ്യങ്ങൾക്ക് സമീപത്തുകൂടി ഒഴുകുന്ന പുഴയിലെ വെള്ളം ലഭ്യമാക്കുന്നതാണ്. പാചകത്തിനും, കുടിക്കാനുമുള്ള വെള്ളം ടാങ്കറുകളിൽ എത്തിച്ചു നൽകുന്നതാണ്.

**ആരോഗ്യം, സുരക്ഷ, അച്ചടക്കം:** ഹെൽത്ത് ഡിപ്പാർട്ട്മെൻറിന്റെ സഹായത്തോടെ മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതാണ്. സുരക്ഷയ്ക്കും, അച്ചടക്കത്തിനും ഫയർഫോഴ്സ്, പോലീസ് എന്നിവരുടെ സേവനം ലഭിക്കുന്നതാണ്. റോവേർസ്/റേഞ്ചേർസ് ഇവരുടെ സേവനവും ഉറപ്പ് വരുത്തുന്നതാണ്.

**കാമ്പോരി മാർക്കറ്റ്:** ആവശ്യമായ പലവ്യഞ്ജനം, പച്ചക്കറി, പാൽ, സ്റ്റേഷനറി ഇവ മിതമായ നിരക്കിൽ ലഭ്യമാക്കാനുള്ള മാർക്കറ്റ് മുഴുവൻ സമയവും പ്രവർത്തിക്കുന്നതാണ് .

**എക്യുപ്മെൻറ് സ്റ്റോർ:** സംസ്ഥാന കാര്യാലയത്തിന്റെ എക്യുപ്മെന്റ് സ്റ്റോർ ആദ്യദിവസം മുതൽ തന്നെ പ്രവർത്തിക്കുന്നതാണ്.

**കാമ്പോരി സൈറ്റിൽ ഒരുക്കുന്ന സ്റ്റേജ് മറ്റ് സംവിധാനങ്ങൾ:** പ്രധാന സ്റ്റേജ്: 20 അടി x 20 അടി വലുപ്പം. പ്രധാന സ്റ്റേജിന്റെ ഇരു വശങ്ങളിലുമായി 60 അടി x 20 അടി വലിപ്പമുള്ള രണ്ട് പവലിയനുകൾ. അരീനയിലെ ഓപ്പൺ സ്റ്റേജ്: 20 അടി x 20 അടി വലുപ്പം. എക്സിബിഷൻ, പാചകം : ആവശ്യമായ ഷെഡുകൾ

**കാമ്പോരി പത്രിക:** കാമ്പോരിയുടെ ഓരോ ദിവസത്തേയും പ്രധാന പരിപാടികൾ, അംഗങ്ങളുടെ അനുഭവങ്ങൾ എന്നിവ പങ്ക് വെക്കുന്നതിനായി എല്ലാ ദിവസവും കാമ്പോരി പത്രിക പ്രസിദ്ധീകരിക്കുന്നതാണ്.

സൗജന്യ നിരക്കിൽ എല്ലാവർക്കും ലഭ്യമാക്കുന്നതാണ്.

**കാമ്പോരിയിൽ എത്തിച്ചേരേണ്ട തീയ്യതിസമയം:** 2023 ഡിസംബർ 27 രാവിലെ 9.00 മണി

**കാമ്പോരിയിൽ നിന്ന് മടങ്ങുന്ന തീയ്യതി സമയം:** 2023 ഡിസംബർ 31 രാവിലെ 10.00 മണി

**കാമ്പോരിയിൽ പങ്കെടുക്കുന്നവർ കരുതേണ്ടവ:- *വ്യക്തിഗത കിറ്റ്:-*** 2 സെറ്റ് യൂണിഫോം., ഉറക്കത്തിനാവശ്യമായ സമഗ്രികൾ, മാറ്റാനുള്ള വസ്ത്രങ്ങൾ, സ്റ്റീൽ പ്ലേറ്റ്, ടംബ്ലർ മുതലായവ, ടോർച്ച്, പേന, നോട്ട്ബുക്ക്, വാട്ടർ ബോട്ടിൽ, ടൊയ്ലറ്റ് സാമഗ്രികൾ, ബ്രഷ്, പേസ്റ്റ്, മെഡിസിൻ ആവശ്യമെങ്കിൽ അത്. **പട്രോൾ കിറ്റ്:-** ബക്കറ്റ്, മഗ്ഗ്, ഡെറി, ഗ്രൗണ്ട് ഷീറ്റ്, പാചകത്തിനാവശ്യമായ പാത്രങ്ങൾ, അത്യാവശ്യമുള്ള കത്തി മറ്റ് ഉപകരണങ്ങൾ. ഗാഡ്ജററുകൾ തയ്യാറാക്കാൻ ആവശ്യമായ സാമഗ്രികൾ, ഫസ്റ്റ് ഏയ്ഡ് ബോക്സ്, ഭക്ഷണം ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള പാത്രങ്ങൾ. കണ്ടിൻജൻറ് കിറ്റ്. ദേശീയ പതാക, ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് ഫ്ലാഗ് (അസോസിയേഷൻ ഫ്ളാഗ് ലഭ്യമല്ലെങ്കിൽ ഗ്രൂപ്പ് ഫ്ളാഗ് ഉപയോഗിക്കാവുന്നതാണ്.). കളർപാർട്ടിക്ക് ആവശ്യമുള്ള സാമഗ്രികൾ (വൈറ്റ് ഗ്ലൗസ്, വൈറ്റ് ആംഗ്ലറ്റ്സ്, സാഷ് മുതലായവ) Name Plates: 4 എണ്ണം (2 അടിനീളം 1 അടി വീതി, 1 അടി നീളമുള്ള ഹോൾഡർ) നിലനിറത്തിലുള്ള പ്രതലത്തിൽ വെള്ള പെയിന്റ് കൊണ്ട് വലുപ്പത്തിൽ എഴുതണം ജില്ലയുടെ പേര്. (എഡ്യുക്കേഷൻ ഡിസ്ട്രിക്ട്), ജില്ലാ ഗേറ്റ് നിർമ്മിക്കുന്നതിനാവശ്യമായ സാമഗ്രികൾ, എക്സിബിഷൻ ഒരുക്കുന്നതിനുള്ള സാമഗ്രികൾ, സ്കിൽ' ഒ-രമക്ക് ആവശ്യമായ വസ്തുക്കൾ, പട്രോൾ കുക്കിംഗിനാവശ്യമായ സാമഗ്രികൾ, Food Plaza ആവശ്യമായ സാമഗ്രികൾ, കാമ്പോരിയിലെ മറ്റെല്ലാ ആക്ടിവിറ്റികൾക്കും പങ്കെടുക്കാൻ ആവശ്യമായ ഒരുക്കങ്ങൾ.

**പ്രത്യേക നിർദ്ദേശങ്ങൾ**

1. രജിസ്ട്രേഷൻ കൃത്യസമയത്തുതന്നെ പൂർത്തികരിക്കുക.
2. കണ്ടിൻജൻറു ലീഡർമാരുടെ നേതൃത്വത്തിൽ കൃത്യമായ ഒരുക്കങ്ങൾ നടത്തുക.
3. വെള്ളം ആവശ്യത്തിന് മാത്രം ഉപയോഗിക്കുക.പാഴാക്കി കളയാതിരിക്കാൻ പരമാവധി ശ്രദ്ധിക്കുക.
4. സ്കൗട്ടുകൾ ഗൈഡുകളുടെ ടെൻറിലോ, ഗൈഡുകൾ സ്കൗട്ടുകളുടെ ടെൻറുകളിലോ പോകാൻ പാടുള്ളതല്ല.
5. സാനിറ്ററി ബ്ലോക്കിന്റെ ശുചിത്വം പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
6. വിസിറ്റേർസ് ആരും തന്നെ ടെൻറുകളിൽ പ്രവേശിക്കുവാൻ പാടുള്ളതല്ല.
7. കാമ്പോരിയിൽ റിപ്പോർട്ട് ചെയ്ത് കഴിഞ്ഞാൽ പിന്നെ കമ്പോരി സമാപിക്കുന്നതുവരെ പുറത്ത് പോകാൻ അനുവദിക്കുന്നതല്ല. പ്രത്യേക സാഹചര്യം വന്നാൽ സ്റ്റേറ്റ് അധികാരികളുടെ പെർമിഷനോടെ പുറത്ത് പോകാവുന്നതാണ്.
8. ഏത് വിധത്തിലുള്ള അച്ചടക്ക ലംഘനവും ശ്രദ്ധയിൽപെട്ടാൽ കാമ്പോരിയിൽ നിന്നും തിരികെ പോകേണ്ടി വരുന്നതാണ്.
8. ഡ്യൂട്ടിയിലുള്ള എസ്കോർട്ടിംഗ് യൂണിറ്റ് ലീഡേർസ് പ്രോഗ്രാം നടക്കുന്ന സമയത്ത്കൃത്യം റിപ്പോർട്ട് ചെയ്യിക്കേണ്ടതാണ്. Scout/Guide കളുടെ അവസരം നഷ്ടപ്പെടുത്തരുത്.
9. Scout/Guide കളുടെ സമയനിഷ്ഠ, അച്ചടക്കം എന്നിവയിൽ പ്രത്യേക ശ്രദ്ധ വേണം.
10. സ്കൗട്ട്/ഗൈഡുകൾ വിലപിടിപ്പുള്ള സാമഗ്രികൾ കാമ്പോരിയിൽ കൊണ്ടുവരരുത്. കാഷോ മറ്റോ കൂടുതലായി കൊണ്ടുവന്നിട്ടുണ്ടെങ്കിൽ ആയത് തങ്ങളുടെ എസ്കോർട്ടിംഗ് യൂണിറ്റ് ലീഡേർസിനെ ഏല്പിക്കേണ്ടതാണ്.
11. കാമ്പോരി പൂർണ്ണമായും ഹരിത പ്രോട്ടോക്കോൾ അനുസരിച്ചായിരിക്കും പ്രവർത്തിക്കുക.
12. തിരികെ കൊണ്ടുപോകാൻ പറ്റാത്ത ഒരു പ്ലാസ്റ്റിക് സാധനവും കൊണ്ടുവരരുത്.

**കാമ്പോരി പ്രോഗ്രാമുകളെ സംബന്ധിച്ച വിശദാംശങ്ങൾ:-**

1. **മാർച്ച് പാസ്റ്റ് (March Past)**

ജില്ലയിൽ നിന്നും 32 പേരടങ്ങുന്ന ടീമാണ് പങ്കെടുക്കേണ്ടത്.15സ്കൗട്ട്+15 ഗൈഡ് ,പ്ലക്കാർഡ് ബെയറർ,പൊതുലീഡർ (Scout/Guide), പ്ലക്കാർഡ് ബെയറർ-1, ലീഡർ -1, സ്കൗട്ട്,ഗൈഡ്-30 (15+15) ആകെ-32

**വിലയിരുത്തൽ ഘടകങ്ങൾ**

- ത്രീസിൽ മാർച്ച് ചെയ്യുക
- സല്യൂട്ട്

- ശരിയായ ആജ്ഞകൾ (commands)
- ചൊടി (Smartness)
- ലീഡർഷിപ്
- കൃത്യതയാർന്ന മാർച്ചിംഗ്

2. **കളർ പാർട്ടി**

എല്ലാജില്ലകൾക്കും 5 പേരടങ്ങുന്ന കളർ പാർട്ടി ഉണ്ടായിരിക്കണം. 3 സ്കൗട്ട്, രണ്ട് ഗൈഡ് അല്ലെങ്കിൽ 2 സ്കൗട്ട് 3 ഗൈഡ് എന്ന ക്രമത്തിൽ. യൂണിഫോമിനു പുറമേ വൈറ്റ് ഗ്ലൗസും, വൈറ്റ് ആംഗ്ലറ്റ്സും ധരിച്ചിട്ടുണ്ടാകണം. ആദ്യ നിരയിലെ ഇടത്തേ അറ്റത്തെ ആൾ BS&G അസോസിയേഷൻ ഫ്ളാഗും (ലഭ്യമല്ലെങ്കിൽ Group Flag) വലത്തേ അറ്റത്തെ ആൾ ദേശീയ പതാകയും 7 അടി നീളമുള്ള ഫ്ളാഗ് സ്റ്റാഫിൽ വഹിക്കേണ്ടതാണ്. ഉൽഘാടന, സമാപന പരിപാടികളിലും കളർ പാർട്ടി മത്സരത്തിലും പങ്കെടുക്കേണ്ടതാണ്.

വിലയിരുത്തൽ ഘടകങ്ങൾ
- യൂനിഫോം
- മാർച്ചിംഗ്
- വഹന രീതി (carrying position)
- ലീഡർഷിപ്
- ചൊടി (Smartness)
- ആജ്ഞകൾ (commands)

3. **ബാൻറ് (Band Display)**

ഒരു ജില്ലയിൽ നിന്ന് ഒരു ടീമിന് പങ്കെടുക്കാം. ബാൻറ് ഡിസ്പ്ലേ മത്സരത്തിൽ സ്കൗട്ട് ഗൈഡ് യൂനിഫോമിലാണ് പങ്കെടുക്കേണ്ടത്.സ്കൗട്ടും ഗൈഡും ചേർന്നതോ സ്കൗട്ട്/ഗൈഡ് മാത്രമായോ പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കാവുന്നവരുടെ എണ്ണം: മിനിമം-15, മാക്സിമം 30, അവതരണത്തിന് അനുവദിക്കുന്ന സമയം:7 മിനുട്ട്

**വിലയിരുത്തൽ ഘകൈങ്ങൾ**
- ജനറൽ സല്യൂട്ട്
- വൈവിധ്യം (variety)
- ഡ്രം കോൾ
- ചൊടി (Smartnes)
- ലീഡർഷിപ്പ്
- യൂനിഫോം.

4. **ഫിസിക്കൽ ഡിസ്പ്ലേ (Physical Display)**

ജില്ലയിൽ നിന്നും ഒരുടീമിന് പങ്കെടുക്കാം. (സ്കൗട്ടും ഗൈഡും ചേർന്നതോ,ഏതെങ്കിലും ഒരു വിഭാഗം മാത്രമായോ)പങ്കെടുക്കാവുന്നവരുടെ മിനിമം എണ്ണം: 20, അവതരണത്തിനുള്ള സമയം: 5 മിനുട്ട്.

**വിലയിരുത്തൽ ഘടകങ്ങൾ**
- തീം
- ഒറിജിനാലിറ്റി (originality)
- അവതരണം (Presentation)
- യൂനിഫോമിറ്റി (umiformity)
- സ്കിൽ (skill)
- ലീഡർഷിപ്പ്
- ജിംനാസ്റ്റിക് വാല്യു
- പങ്കാളിത്തം

5. **കേരളത്തിലെ നാടൻ പാട്ടുകളുടെ അവതരണം**

ജില്ലയിൽ നിന്നും ഒരു ടീമിന് പങ്കെടുക്കാം (സ്കൗട്ടും ഗൈഡും ചേർന്നോ പ്രത്യേകമായോ). അനുവദിക്കുന്ന സമയം: 5മിനുട്ട്. പങ്കെടുക്കേണ്ടവരുടെ മിനിമം എണ്ണം: 10. കേരളത്തിലെ നാടൻ പാട്ടുകൾ മാത്രമേ അവതരിപ്പിക്കാവൂ. വേഷവിധാനത്തോട് കൂടിയും, ആക്ഷനോടുകൂടിയും വേണം നാടൻ പാട്ട് അവതരിപ്പിക്കാൻ.

**വിലയിരുത്തൽ ഘടകങ്ങൾ**

- പങ്കാളിത്തം
- വേഷം,ആക്ഷൻ
- മ്യൂസിക്കൽ വാല്യു
- യൂനിഫോമിറ്റി.

6. **കേരളത്തിലെ നാടോടി നൃത്തം**

ജില്ലയിൽ നിന്നും ഒരു ടീമിന് പങ്കെടുക്കാം.(സ്കൗട്ടും ഗൈഡും ചേർന്നതോ/പ്രത്യേകമായോ). സിനിമാറ്റിക് നൃത്തപരിപാടി അനുവദിക്കുന്നതല്ല. പങ്കെടുക്കേണ്ടവരുടെ മിനിമം എണ്ണം: 10. അനുവദിക്കുന്ന സമയം: 5 മിനുട്ട്

**വിലയിരുത്തൽ ഘടകങ്ങൾ**

- സാംസ്കാരിക തനിമ
- പരമ്പരാഗത വേഷവിധാനങ്ങൾ
- യൂനിഫോമിറ്റി.
- മേക്ക് അപ്പ്
- നൃത്ത വൈദഗ്ധ്യം
- പരമ്പരാഗത നാടൻ സംഗീതം
- അവതരണം
- പങ്കാളിത്തം.

7. **ക്യാമ്പ് ഫയർ (Campfire)**

സ്കൗട്ട്, ഗൈഡുകൾക്കുള്ള പൊതു ഇനം. (സ്കൗട്ട്/ഗൈഡ് പ്രത്യേകമായോ ഒന്നിച്ചോ അവതരിപ്പിക്കാം.) പങ്കെടുക്കേണ്ടവരുടെ മിനിമം എണ്ണം: 10. അനുവദിക്കുന്നസമയം:5 മിനിട്ട്. അവതരിപ്പിക്കാവുന്ന ഇനങ്ങൾ: സ്കിറ്റുകൾ,സംഗീതശില്പം, സംഭവകഥകളുടെ ആവിഷ്കരണം (Scouting for Boys and Independence struggle മാത്രം) ലഹരിക്കെതിരേയുള്ള പ്രചരണ പരിപാടികൾ (മൈം മുതലായവ), ക്യാമ്പ്ഫയർ പ്രോഗ്രാമിലെ നിബന്ധനകൾ കൃത്യമായി പാലിക്കേണ്ടതാണ്.

**വിലയിരുത്തൽ ഘടകങ്ങൾ**

- തീം
- പങ്കാളിത്തം
- originality
- വേഷ വിധാനനങ്ങൾ
- അവതരണ മികവ്
- സന്ദേശം

8. **പെജൻറ് ഷോ (Pageant Show)**

ജില്ല കണ്ടിൻജന്റ് മുഴുവനായും പങ്കെടു ക്കേണ്ടതാണ്.(എസ്കോർട്ടിംഗ് യൂണിറ്റ് ലീഡർമാർ ഉൾപ്പെടെ) ജില്ലയുടെ കലാ-സാംസ്കാരികത്തനിമ തുറന്നു കാട്ടുന്നതാകണം പെജന്റ് ഷോ. അവതരിപ്പിക്കപ്പെടുന്ന പരിപാടികളുടെ തത് സമയ വിവരണത്തിന് 3മിനുട്ട് അനുവദിക്കുന്നതാണ്.,

**വിലയിരുത്തൽ ഘടകങ്ങൾ**

- തീം
- പങ്കാളിത്തം
- അവതരണ മികവ്
- കലാ സാംസ്കാരിക തനിമ,മൂല്യം
- വേഷ വൈവിധ്യം

9. **ജില്ലാ ഗേറ്റ് (District Gate)**

സ്കൗട്ട്, ഗൈഡ് കണ്ടിൻജൻറുകൾ പ്രത്യേകം പ്രത്യേകം Gate തയ്യാറാക്കേണ്ടതാണ്. കാമ്പോരിയുടെ ആദ്യദിവസം ആരംഭിച്ച് മൂന്നാം ദിവസം മോർണിംഗ് ഇൻസ്പെക്ഷനു മുന്നേ പൂർത്തികരിക്കണം. ഗേറ്റ് നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ അതത് ജില്ലാ കണ്ടിൻജൻറുകൾ കരുതേണ്ടതാണ്. പ്രകൃതിദത്തമായ വസ്തുക്കൾ മാത്രമേ ഗേറ്റ് നിർമ്മാണത്തിനുപയോഗിക്കാവൂ. (പ്ലാസ്റ്റിക് വസ്തുക്കൾ, മെറ്റൽ ഫ്രേമുകൾ, നട്ട്, ബോൾട്ട് ഇവ ഉപയോഗിക്കാൻ പാടുള്ളതല്ല) Scout/Guide സ്കില്ലുകൾ ഉപയോഗപ്പെടുത്തി വേണം ഗേറ്റ് നിർമ്മിക്കൽ. കണ്ടിൻജന്റിലെ മുഴുവൻ അംഗങ്ങൾക്കും പങ്കെടുക്കാം.

(ഗേറ്റ് നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ സംഘാടകസമിതി നൽകുന്നതല്ല എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.)

**വിലയിരുത്തൽ ഘടകങ്ങൾ**

- സ്കൗട്ട് ഗൈഡ് സ്കില്ലുകളുടെ ഉപയോഗം
- Proportion
- ആകർഷകത്വം(ടുലരശമഹ അദ്യേമരശേീ)
- വൈവിധ്യം
- തനിമ
- Engimeering skill

10. **പയനിയറിംഗ് പ്രോജക്ട് (Poineering Project)**

സ്കൗട്ട്, ഗൈഡുകൾക്ക് പൊതുവെയുള്ള മത്സരം.ജില്ലയിൽ നിന്നും 8 പേർ അടങ്ങുന്ന ഒരു പട്രോൾ ആണ് പങ്കെടുക്കേണ്ടത്. സ്കൗട്ട്, ഗൈഡ് ചേർന്നോ സ്കൗട്ട്/ഗൈഡ് മാത്രമായോ പങ്കെടുക്കാം. അഡൽട്ട് ലീഡേർസിന് നേരിട്ട് പങ്കെടുക്കാൻ അനുവാദമില്ല. അടുത്ത് നിന്ന് നിർദേശങ്ങൾ നൽകാം. നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ കണ്ടിൻജൻറുകൾ കൊണ്ടു വരേണ്ടതാണ്. പങ്കെടുക്കാവുന്ന വരുടെ എണ്ണം: 8 (4+4). അനുവദിക്കുന്ന സമയം: 4 മണിക്കൂർ

**വിലയിരുത്തൽ ഘടകങ്ങൾ**

- Usefullness (ഉപയുക്തത)
- കൃത്യതയുള്ള ലാഷിംഗ്സും കെട്ടുകളും
- Engineering skills used
- Neatness
- വലുപ്പം (Size' of the Project)

11. **SKill-O-Rema (സ്കിൽ-ഒ-രമ)**

ജില്ലയിൽ നിന്നും 2 സ്കൗട്ടുകൾക്കും 2 ഗൈഡുകൾക്കും പങ്കെടുക്കാം. പരിപാടി നടക്കുന്ന സ്ഥലത്ത് മുൻകൂട്ടി തയ്യാറാക്കിയ വസ്തുക്കൾ കൊണ്ടു വരരുത്. നിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ സ്കൗട്ടുകളും, ഗൈഡുകളും കരുതേണ്ടതാണ്. താഴെ കൊടുത്ത ഇനങ്ങളിൽ ഏതെങ്കിലും 4 ഇനങ്ങൾ തെരഞ്ഞെടുത്ത് ചെയ്താൽ മതി.

- വോഗിൾ നിർമ്മാണം
- HAM Radio
- Drawing/Painting
- പാഴ്വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണം (Best out of Waste)
- Origami (Paper folding)
- Model making
- Acrylic Painting
- Clay Modelling
- Paper Craft
- Doll making
- ത്രെഡ് പാറ്റേൺ (Thread Pattern)
- Stuffed Toys

**വിലയിരുത്തൽ ഘടകങ്ങൾ**

- അറിവ്
- Usefulness
- Skills used
- Correctness
- വിവരണം

12. **ജില്ലാ എക്സിബിഷൻ (District Exhibition)**

ഓരോ ജില്ലകൾക്കും എക്സിബിഷൻ സ്റ്റാളുകൾ ഒരുക്കുന്നതിന് പ്രത്യേകം സൗകര്യം ഏർപ്പെടുത്തുന്നതാണ്. സ്റ്റാളുകളിൽ നിറയേണ്ടത്-ജില്ലയുടെ കലാ-സാംസ്കാരിക തനിമ, സ്കൗട്ട് ഗൈഡ് പ്രസ്ഥാനത്തിന്റെ ജില്ലയിലെ വളർച്ച, പ്രവർത്തന മികവ് ഏറ്റെടുത്ത് നടത്തിയ പ്രധാന പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ, കുട്ടികളും, യൂണിറ്റ് ലീഡേർസും ചെയ്ത Handicrafts, collections,

Models, Vision 2021-26 ന്റെ ഭാഗമായി ഏറ്റെടുത്ത് നടത്തിയ വൈവിധ്യമാർന്ന പരിപാടികളുടെ (സ്നേഹഭവനം ഉൾപ്പെടെ) നേർക്കാഴ്ച, ലഹരിമുക്ത പ്രവർത്തനങ്ങൾ എന്നിവയാണ്. സ്റ്റാളുകൾ ഒരുക്കുന്നതിന് അനുവദിക്കുന്ന സമയം: 2 മണിക്കൂർ

**വിലയിരുത്തൽ ഘടകങ്ങൾ**

- വൈവിധ്യം
- പ്രവർത്തന മികവ്
- ക്രമീകരണം (Arrangement)
- പ്രദർശിപ്പിച്ച വസ്തുക്കളുടെ നിലവാരം, എണ്ണം മുതലായവ
- Attraction

## 13. ക്യാമ്പിംഗ് (Camp Craft and Scout/Guide Skills)

ക്യാമ്പിംഗ് സ്റ്റാൻഡേർഡ് വിലയിരുത്തുന്നതിനായി എല്ലാദിവസങ്ങളിലും മോർണിംഗ് ഇൻസ്പെക്ഷൻ ഉണ്ടായിരിക്കുന്നതാണ്. ക്യാമ്പ്ക്രാഫ്റ്റും, സ്കൗട്ട് /ഗൈഡ് സ്കിൽസും ചെയ്യേണ്ടതും, പ്രദർശിപ്പിക്കേണ്ടതും ക്യാമ്പിംഗ് ഏരിയയിലാണ്. ഇൻസ്പെക്ഷൻ സമയത്ത് പരിശോധിക്കുന്നതായിരിക്കും. Best Camping contingent-s നെ കണ്ടെത്തുന്നത് ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും. സബ്ബ് ക്യാമ്പ് ചീഫിന്റെ നേതൃത്വത്തിലായിരിക്കും ദിവസേനയുള്ള ഇൻസ്പെക്ഷൻ.

**വിലയിരുത്തൽ ഘടകങ്ങൾ**

- unform and turnout of the Contingent
- Tent andLayout
- Gadgets.Scout/Guide Craft etc...
- Neatness and ceanliness
- Decoration

## 14. പട്രോൾ കുക്കിംഗ് (patrol Cooking)

ജില്ലയിൽ നിന്നും ഒരു പട്രോളിന് പങ്കെടുക്കാം.സ്കൗട്ടും,ഗൈഡും ചേർന്നതോ ,സ്കൗട്/ഗൈഡ് പട്രോൾ മാത്രമായോ പങ്കെടുക്കാം. പങ്കെടുക്കേണ്ടവരുടെ എണ്ണം: 8 (ഒരു പട്രോൾ). അനുവദിക്കുന്ന സമയം: 3 മണിക്കൂർ. പാചകം ചെയ്യേണ്ടത്: 9 പേർക്കുള്ള ഉച്ച ഭക്ഷണം. വിഭവങ്ങൾ തയ്യാറാക്കുന്നതിനാവശ്യമായ പലവ്യഞ്ജനം, പച്ചക്കറികൾ, പാത്രങ്ങൾ, സ്റ്റൗ മുതലായവ contingent കൾ കരുതേണ്ടതാണ് .

**വിലയിരുത്തൽ ഘടകങ്ങൾ**

- അനുവദിച്ച സമയത്തിനുള്ളിൽ പൂർത്തികരിക്കുക.
- വിഭവങ്ങളുടെ എണ്ണം
- വിഭവങ്ങൾ തയ്യാറാക്കിയതിന്റെ വിവരണം
- പാചകത്തെ സംബന്ധിക്കുന്ന ചാർട്ടുകളുടെ പ്രദർശനം
- തയ്യാറാക്കിയ ഭക്ഷണത്തിന്റെ രുചി
- പങ്കാളിത്തം
- ചുമതലാ വിഭജനം

## 15. ഫുഡ് പ്ലാസ (Food Plaza)

ജില്ലയിൽ നിന്നും രണ്ട് പേർ അടങ്ങുന്ന ടീമാണ് പങ്കെടുക്കേണ്ടത് (ഒരു സ്കൗട്ട് ഒരു ഗൈഡ് ഒരുമിച്ചോ, 2 സ്കൗട്ട് മാത്രമോ, 2 ഗൈഡ് മാത്രമോ). പങ്കെടുക്കേണ്ടവരുടെ എണ്ണം: 2. അനുവദിക്കുന്ന സമയം: 3മണിക്കൂർ. തയ്യാറാക്കേണ്ടത്: അതത് ജില്ലകളിലെ തനത് വിഭവങ്ങൾ. കരുതേണ്ടവ: പാചകത്തിന് ആവശ്യമായ സാമഗ്രികൾ, പാത്രങ്ങൾ, സ്റ്റൗ മുതലായവ.

**വിലയിരുത്തൽ ഘടകങ്ങൾ**

- വിഭവങ്ങളുടെ വൈവിധ്യം
- തനിമ
- രുചി, ഗുണമേന്മ
- നിർമ്മാണ രീതിയുടെ വിവരണം
- പങ്കാളിത്തം

## 16. ക്വിസ്സ് മത്സരം (Quiz competition)

സ്കൗട്ടിംഗ് ഫോർ ബോയ്സ്,ഹിസ്റ്ററി ഓഫ് ബി.പി.ആൻറ് ലേഡി ബി.പി. എന്നീ വിഷയങ്ങളിൽ ക്വിസ്സ്

മത്സരം സംഘടിപ്പിക്കുന്നതാണ്. 2 പേർ അടങ്ങുന്ന (scout and Guide). ജില്ലാ ടീം ആണ് പങ്കെടുക്കേണ്ടത്. ആകെ 20 ചോദ്യങ്ങളാണ് ഉണ്ടാവുക. ടൈ വന്നാൽ 5 ചോദ്യങ്ങൾ കൂടിയുണ്ടാകും.

### 17. ഇന്റഗ്രേഷൻ മാർച്ച് (Integration March)

എല്ലാ കണ്ടിൻജന്റുകളും പങ്കെടുക്കേണ്ടതാണ്. സമൂഹം നേരിടുന്ന ഏറ്റവും വലിയ വിപത്തായ ലഹരിവസ്തുക്കളുടെ അമിത ഉപയോഗത്തിനെതിരേയുള്ള പ്രചരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇൻറഗ്രേഷൻ മാർച്ചിൽ ഇതിനനുയോജ്യമായ Placards ഓരോ കണ്ടിൻജൻറും കുരുതേണ്ടതാണ്. കണ്ടിൻജൻറുകൾ ചുരുങ്ങിയത് 10 പ്ലാക്കാർഡുകളെങ്കിലും തയ്യാറാക്കി വരേണ്ടതാണ്. Placcard-ന്റെ വലിപ്പം 2 അടിനീളം 1 അടി വീതി ഹോൾഡറിന് 2 അടി നീളം.

### 18. Patrol-In-Council

**വിഷൻ 2021-26** ന്റെ ഭാഗമായി ഒരു വർഷത്തേക്ക് ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വിഷയമായെടുത്ത് Patrol-In-Council ചർച്ച ചെയ്യുന്നു. പങ്കെടുക്കേണ്ടവർ: ജില്ലയിൽ നിന്നും ഒരു പട്രോൾ (സ്കൗട്ട്/ഗൈഡ് പ്രത്യേകമായോ) രണ്ടും ചേർന്നോ. അനുവദിക്കുന്നസമയം: 1 മണിക്കൂർ. വിഷയത്തിൻമേലുള്ള ചർച്ച: 20 മിനുട്ട്. ചർച്ച ചെയ്തകാര്യങ്ങളുടെ അവതരണം: 35 മിനുട്ട് (ഓരോ പട്രോളിന്റെയും ലീഡർക്ക് 1 മിനുട്ട് വീതം അവതരണ സമയം അനുവദിക്കുന്നതാണ്.) സംഗ്രഹം: മോഡറേറ്റർ 5 മിനുട്ട്

**ഉദ്ദേശം:-**
- പട്രോൾ സിസ്റ്റത്തിന്റെ മേന്മ മനസ്സിലാക്കുക
- Patrol-In-Council ന്റെ പ്രാധാന്യം തിരിച്ചറിയൽ
- മീറ്റിംഗ് രീതി മനസ്സിലാക്കുക
- Patrol-In-Council എങ്ങിനെയാണ് ചേരേണ്ടത് എന്ന് മനസ്സിലാക്കുക.

### 19. Youth Forum

ഓരോ ജില്ലയിൽ നിന്നും ഒരു സ്കൗട്ട് ,ഒരു ഗൈഡ് എന്നിവർക്ക് പങ്കെടുക്കാം. ചർച്ചാ വിഷയം 'വിവിധ ബാഡ്ജുകൾ നേടുന്നതിനുള്ള കാല പരിധി മാറ്റേണ്ടതുണ്ടോ'. അസംബ്ലിംഗ്: 5 മിനുട്ട്. വിഷയാവതരണം: 5 മിനുട്ട്. ചർച്ച :40 മിനുട്ട്. സംഗ്രഹം :10 മിനുട്ട്. ആകെ : 60 മിനുട്ട്.

**ഉദ്ദേശം:**
- വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് യുവജനതയുടെ അഭിപ്രായം അറിയുക.
- പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെടാനുള്ള കഴിവ് വികസിപ്പിക്കുക.
- പട്രോൾ സിസ്റ്റത്തിന്റെ മേന്മ തിരിച്ചറിയുക.
- വിവിധ വിഷയങ്ങളിൽ എങ്ങിനെ ചർച്ച നയിക്കാം

### 20. ട്രൂപ്പ്/കമ്പനി ലീഡേർസ് കോൺഫറൻസ്

കാമ്പോരിയിൽ പങ്കെടുക്കുന്ന മുഴുവൻ ട്രൂപ്/കമ്പനി ലീഡേർസ് പങ്കെടുക്കേണ്ടതാണ്. ചർച്ചയ്ക്കുള്ള വിഷയം:'പ്രസ്ഥാനത്തിന്റെ വളർച്ചയിൽ ട്രൂപ്പ്/കമ്പനിലീഡർമാരുടെ പങ്ക്'. അസംബ്ലിംഗ്: 5 മിനുട്ട്. വിഷയാവതരണം: 5 മിനുട്ട്. ചർച്ച : 40 മിനിട്ട്. സംഗ്രഹം : 10 മിനിട്ട്. ആകെ : 60 മിനിട്ട്.

**ഉദ്ദേശം:-**
- ട്രൂപ്പ്/കമ്പനിലീഡർമാരുടെ ഉത്തരവാദിത്തം തിരിച്ചറിയുക.
- ട്രൂപ്പ്/കമ്പനിയെശരിയായി നയിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുക
- ട്രൂപ്പ്/കമ്പനി ലീഡേർസിന്റെ കൂട്ടായ്മ രൂപപ്പെടുത്തുക.

### 21. ഹിമാലയ വുഡ്ബാഡ്ജ് ഹോൾഡേർസ് റീ യൂണിയൻ

ഹിമാലയ വുഡ്ബാഡ്ജ് ഹോൾഡർമാരായ എല്ലാ സ്കൗട്ട് /ഗൈഡ് യൂണിറ്റ് ലീഡർമാർക്കും പങ്കെടുക്കാം

### 22. ഫ്രണ്ട്ഷിപ്പ് ഗെയിം

കാമ്പോരിയിൽ പങ്കെടുക്കുന്ന മുഴുവൻ സ്കൗട്ട്, ഗൈഡുകൾക്കും പങ്കെടുക്കാം.

### 23. കമ്യൂണിറ്റി സർവ്വീസ്

ജില്ലയിൽ നിന്നും ഒരു പട്രോളിന് പങ്കെടുക്കാം. സ്കൗട്ട്, ഗൈഡ് ചേർന്നതോ സ്കൗട്ട്/ഗൈഡ് പട്രോൾ മാത്രമായോ പങ്കെടുക്കാം. കമ്യൂണിറ്റി സർവീസിൽ പങ്കെടുക്കുന്ന scout/guide കൾക്ക് പ്രത്യേകം സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

**24. WOSOM, WAGGGS and National Aossciation pavilion**

WOSOM ന്റെ പരിപാടികളായ, EarthTribe, Dialogue for Peace, Inter Religious Dialogue, Messengers of Peace, Scouts of the World Award, Scouts Go Solar and Dialogue for Peace.

WAGGGS പരിപാടികളായ Free-Being Me, Surf Smart 2.0, Her World Her Voice, U-Reporter, Stop the Violence, Plastic Tide Tunner Challenge and Red Pride Menstrual Hygiene Awareness മുതലായവയെ സംബന്ധിച്ച അവബോധം ഉണ്ടാക്കുന്നതിന്.

**25. State Aossciation Pavalion**

സ്റ്റേറ്റ് അസോസിയേഷന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന വിവിധങ്ങമായ പരിപാടികളുടെ നേർക്കാഴ്ച. വിഷൻ 2021–26 ന്റെ ഭാഗമായി നടത്തപ്പെടുന്ന സ്നേഹ ഭവനങ്ങളുടെ നിർമ്മാണം, താക്കോൽ ദാനം എന്നിവയുടെ വിവരണം

**26. അഡ്വഞ്ചർ ആക്ടിവിറ്റീസ്**

27. Fun Based Activities

28. Intellectual Based Activities

29. Water Activities

വിശ്വസ്തതയോടെ,

OFFICE OF THE KERALA STATE BHARAT SCOUTS AND GUIDES
STATE HEAD QUARTERS
THIRUVANANTHAPURAM-695033

**സംസ്ഥാന സെക്രട്ടറി**